**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2409 09.12.14-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## "അതിർത്തി ചെക്ക്പോസ്റ്റുകളിൽ നികുതി പിരിവ് "

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്.സലീഖ | | ഡോ. ടി.എം തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ നടപ്പുവർഷം ഉദ്ദേശിച്ച നികുതി പിരിവ് എത്ര; | (എ) (ബി) & (സി) | സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 31.10.2014-വരെ ചെക്ക് പോസ്റ്റുകളിലൂടെ 640.25 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | ഇതിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തു; | | |
| (സി) | ഉദ്ദേശിച്ച ടാർജറ്റ് പിരിക്കാനാകാത്ത ചെക്ക്പോസ്റ്റുകൾ ഏതെല്ലാം; | | |
| (ഡി) | നികുതി നല്കേണ്ട ഉല്പന്നങ്ങൾ ചെക്ക്പോസ്റ്റുകൾ വഴി നികുതി നൽകാതെ കടത്തിയതുമായി ബന്ധപ്പെട്ട് നടപ്പുവർഷം നാളിതുവരെ എത്ര തുക പിഴ ഇനത്തിൽ ഈടാക്കി; പ്രസ്തുത പ്രവണത തടയാൻ എന്തു കർശന നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | നികുതി നൽകേണ്ട ഉല്പന്നങ്ങൾ ചെക്ക്പോസ്റ്റുകൾ വഴി നികുതി നൽകാതെ കടത്തിയതുമായി ബന്ധപ്പെട്ട് 2014-15-ൽ 31.10.2014-വരെ 25.74 കോടി രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി പിരിച്ചെടുത്തിട്ടുണ്ട്. 2014 നവംബർ മാസം 2.39 കോടി രൂപ പിഴയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വേണ്ടി ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗം ടേക്കോവറും ഓവർ ചെക്കിംഗും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 31.10.2014-വരെ 635 ടേക്കോവറുകൾ നടത്തിയിട്ടുണ്ട്. |

—2

| | | | |
|---|---|---|---|
| | | | ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ നടപടികൾ എടുത്തിട്ടുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള കർശന നപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊടുവഴികളിലൂടെ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തിക്കൊണ്ടുവരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ ഇന്റലിജൻസ് സ്ക്വാഡുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നു. |
| (ഇ) | നടപ്പുവർഷം തീരാൻ ഇനി കുറച്ച് മാസങ്ങൾ മാത്രം അവശേഷിക്കെ ചെക്ക്പോസ്റ്റുകൾ വഴി ഇനി പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്ന നികുതി എത്ര; അതിനായി കഴിവുറ്റ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | അതിർത്തി ചെക്ക്പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

3